**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **07.02.2018-ൽ മറുപടിക്ക്**

**ചോദ്യം നം. 3188**

## മറുനാടൻ ട്രോളിംഗ് ബോട്ടുകളുടെ അനധികൃത മത്സ്യബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**" കെ. രാജൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മറുനാടൻ ട്രോളിംഗ് ബോട്ടുകളുടെ അനധികൃത മത്സ്യബന്ധനം മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ദുരിതം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത ബോട്ടുകളുടെ കടന്നുകയറ്റം മൂലം മത്സ്യത്തൊഴിലാളികളുടെ വലകൾ തകരാനിടയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കമോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രോളിംഗ് ബോട്ടുകൾ പരിധി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്നതു മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വലകൾക്ക് നാശനഷ്ടങ്ങൾ വരാറുണ്ട്. ആയത് പരിഹരിക്കുന്നതിനും ബോട്ടുകളുടെ കരവലി തടയുന്നതിനും കടൽ പട്രോളിംഗ് ശക്തമാക്കി പ്രസ്തുത ബോട്ടുകൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ട്രോളർ ബോട്ടുകൾ റിങ്ങ് വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് മൂലം മത്സ്യക്കുഞ്ഞുങ്ങളും മുട്ടകളും ഉൾപ്പെടെ മത്സ്യസമ്പത്ത് നശിപ്പിക്കപ്പെടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; ആയത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കമോ? | (സി) | ട്രോളർ ബോട്ടുകൾ ട്രോൾ നെറ്റുകളാണ് ഉപയോഗിക്കുന്നത്. ട്രോൾ ബോട്ടുകൾ ട്രോൾ നെറ്റുകൾ ഉപയോഗിച്ച് ചെറുമീനുകളെ പിടിച്ച് നശിപ്പിക്കുന്നതായി വിലയിരുത്തിയിട്ടുണ്ട്. ചെറുമീനുകളെ പിടിച്ചെടുക്കുന്നത് തടയാൻ കെ.എം.എഫ്.ആർ ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. 58 ഇനം മത്സ്യങ്ങൾ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെ പ്രധാന വലകൾക്ക് കണ്ണിവലിപ്പം നിശ്ചയിച്ചിട്ടുണ്ട്.<br><br>കെ.എം.എഫ്.ആർ ആക്ടിൽ വരുത്തിയ ഭേദഗതിയ്ക്ക് ശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമ ലംഘനം നടത്തുന്ന യാനങ്ങൾ ഇംപൗണ്ട് ചെയ്ത് കനത്ത പിഴ ഈടാക്കുന്നതിനാൽ ഇത്തരം പ്രവർത്തികൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ അനധികൃത മത്സ്യബന്ധനം, ചെറുമീനുകളെ പിടിച്ചു നശിപ്പിക്കൽ, നിയമ ലംഘനം, പിഴ എന്നിവ സംബന്ധിച്ച് ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും വാർത്തകൾ |

| | | | |
|---|---|---|---|
| | | | നൽകുകയും മത്സ്യത്തൊഴിലാളികൾ ക്കിടയിൽ മത്സ്യ ഭവനുകൾ വഴിയും ഫിഷറീസ് സ്റ്റേഷനുകൾ വഴിയും ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ചെറുമത്സ്യങ്ങളെയും, മത്സ്യക്കുഞ്ഞുങ്ങളെയും മത്സ്യമുട്ടകളെയും നശിപ്പിക്കുന്നത് നമ്മുടെ മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുമെന്നുള്ള അവബോധം മത്സ്യത്തൊഴിലാളികളിലുണ്ടാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺ കാലത്ത് ജൂൺ 15 മുതൽ ജൂലായ് 31 വരെ ട്രോളറുകൾക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ